# നീര പദ്ധതി അട്ടിമറിച്ചു

■ സ്വന്തം ലേഖകർ

- അട്ടിമറിക്കു പിന്നിൽ പാനീയലോബി
- മന്ത്രിമന്ദിരത്തിലെ കളങ്കിതരുടെ ഒത്താശ
- കേരകർഷകർക്കു തിരിച്ചടി
- മുഖ്യമന്ത്രി പൊട്ടിത്തെറിച്ചു

**കേ**രളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വൻകുതിപ്പിനു വഴിയൊരുക്കുമായിരുന്ന നീര പദ്ധതി അട്ടിമറിച്ചു. തെങ്ങിൽനിന്ന് ഉൽപാദിപ്പിക്കുന്ന ആരോഗ്യ ശീതളപാനീയമായ നീര, വാണിജ്യാടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിനു സർക്കാർ അനുമതിയായതിനു പിന്നാലെയാണ് അട്ടിമറി. നീരയിൽനിന്നു പണം കൊയ്യുന്ന അയൽ സംസ്ഥാന ലോബിയും വമ്പൻ ശീതളപാനീയക്കമ്പനികളും എക്സൈസ് ഉന്നതരും ചേർന്നു ചില മന്ത്രിമന്ദിരങ്ങളിലെ ആരോപണവിധേയരായ സ്റ്റാഫംഗങ്ങളുടെ സഹായത്തോടെയാണു പദ്ധതിക്കു തുരങ്കംവച്ചത്. ലക്ഷക്കണക്കിനു കേരകർഷകർ പ്രതീക്ഷയോടെ കാത്തിരുന്ന പദ്ധതി ഇതോടെ അനിശ്ചിതത്വത്തിലായി.

നീരയുടെ ഉൽപാദന-വിതരണത്തിന് അബ്കാരിച്ചട്ടങ്ങളിൽ ചില്ലറ ഭേദഗതി ആവശ്യമാണ്. ഈ ഭേദഗതിക്കുള്ള ശിപാർശ നിർവീര്യമാക്കിയാണു തൽപരകക്ഷികൾക്കുവേണ്ടി മന്ത്രിമാരുടെ ചില സ്റ്റാഫംഗങ്ങളും എക്സൈസ് ഉദ്യോഗസ്ഥരും കളിച്ചത്. റൂൾസ് ഭേദഗതിക്കു വേണ്ടി എക്സൈസ് മന്ത്രിയടക്കം ഒപ്പിട്ട ഫയൽ, ആവശ്യമായ മാറ്റങ്ങൾ വരുത്താതെയാണു നിയമവകുപ്പിൽനിന്നു ദിവസങ്ങൾക്കു മുമ്പു മടങ്ങിയത്.

കേരളത്തിൽ 18 കോടി കേരവൃക്ഷങ്ങളുണ്ടെന്നാണു കണക്ക്. ഇതിന്റെ ഒരു ശതമാനം (18 ലക്ഷം തെങ്ങുകൾ) നീര ഉൽപാദനത്തിന് ഉപയോഗിച്ചാൽപ്പോലും സംസ്ഥാനത്തിനു വർഷം 4000 കോടി രൂപയുടെ വരുമാനമുണ്ടാകുമെന്നു കാർഷിക സർവകലാശാല വ്യക്തമാക്കിയിരുന്നു. കർഷകർക്കു വൃക്ഷക്കരമായി സ്ഥിരവരുമാനമുണ്ടാകും. മാത്രമല്ല, ഒരു ലക്ഷം



ടെക്നീഷ്യന്മാർക്കു തൊഴിലവസരമുണ്ടാകും. പോഷകസമൃദ്ധവും ശുദ്ധവുമായ പാനീയം വിപണിയിലെത്തുകയും ചെയ്യും. ഇങ്ങനെ കേരളത്തിന്റെ ഭാവി സുരക്ഷിതമാക്കുന്ന പദ്ധതിയാണു പാളിയത്. തമിഴ്നാട്ടിലും കർണാടകത്തിലും തനതായി ഉൽപാദിപ്പിക്കുന്ന നീര വിപണിയിൽ പ്രിയങ്കരമാണ്. മലേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്ക് ഈ പാനീയം വൻതോതിൽ എത്തുന്നുമുണ്ട്. രാസവസ്തുക്കൾ കലർത്തിയ ശീതളപാനീയങ്ങളുടെ വൻ വിപണിയാണു കേരളം. തെങ്ങിന്റെ സ്വന്തം നാടായ കേരളത്തിൽ നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതു തിരിച്ചടിയാകുമെന്നു കണ്ടാണു ലോബികൾ വളഞ്ഞ വഴിക്കു സ്വാധീനം ചെലുത്തിയത്. ബന്ധപ്പെട്ട മന്ത്രിമാരേപ്പോലും നിഷ്പ്രഭരാക്കിയ അട്ടിമറിക്കു കൂട്ടുനിന്നതു മന്ത്രിമന്ദിരങ്ങളിലെ ഇന്റലിജൻസ് നിരീക്ഷണത്തിലുള്ള സ്റ്റാഫംഗങ്ങളാണ്. ഇതിനു പിന്നിൽ കോടികൾ മറിഞ്ഞതായാണു സൂചന. സംഭവമറിഞ്ഞ മുഖ്യമന്ത്രി, ബന്ധപ്പെട്ട മന്ത്രിമാരോടു പൊട്ടിത്തെറിച്ചതായി അറിയുന്നു.

കഴിഞ്ഞ കേരളപ്പിറവി ദിനത്തിലാണു കേരളത്തിൽ നീര ഔദ്യോഗികമായി അവതരിപ്പിച്ചത്. പാനീയത്തിന്റെ ഉൽപാദനത്തിനായി കേരള കാർഷിക സർവകലാശാല, സംസ്ഥാന ബിവറേജസ് കോർപറേഷൻ, നാളികേര വികസനബോർഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ബോണഫൈഡ് ജാഗറി പ്രൊഡ്യൂസേഴ്സ്, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ തുടങ്ങിയ ഏജൻസികളെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, അബ്കാരിച്ചട്ടം ഭേദഗതി ചെയ്യാത്തതിനാൽ ഒന്നിനും പറ്റാത്ത അവസ്ഥയാണ്.